പതിനാലാം കേരള നിയമസഭ

<u>പത്തൊമ്പതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2703 — 13.03.2020 ൽ മറുപടിക്ക്

## തിരുനാവായ-ഗുരുവായൂർ പാത, ഷൊർണ്ണൂർ-എറണാകുളം മൂന്നാം ട്രാക്ക് പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തിരുനാവായ-ഗുരുവായൂർ പാത, ഷൊർണ്ണൂർ-എറണാകുളം മൂന്നാം ട്രാക്ക് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) യും (ബി) യും | 1995-96 റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. 30.8 കിമീ ദൈർഘ്യമുള്ള ഗുരുവായൂർ - തിരുനാവായ പാതയുടെ 17.4 കിമീ തൃശ്ശൂർ ജില്ലയിലും 21.8 കിമീ മലപ്പുറം ജില്ലയിലൂടെയും കടന്നു പോകുന്നു. ഇതിൽ തൃശ്ശൂർ ജില്ലയിലെ 9 കിമീ ദൂരം ലോക്കേഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ ജില്ലയിൽ ഏറ്റെടുക്കേണ്ട 18.6108 ഹെക്ടർ ഭൂമിയിൽ 0.02 ഹെക്ടർ ഭൂമി മാത്രമാണ് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. ജനങ്ങളുടെ എതിർപ്പ് കാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുവാൻ സാധിച്ചിട്ടില്ല. സർവ്വേ നടപടികൾക്കാവശ്യമായ പൊലീസ് സംരക്ഷണം ലഭ്യമാക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ജനങ്ങളിൽ നിന്നും ശക്തമായ എതിർപ്പ് ഉയരുന്നുണ്ട്.<br>ഷൊർണ്ണൂർ-എറണാകുളം മൂന്നാം ട്രാക്കിന്റെ ഫൈനൽ ലോക്കേഷൻ സർവ്വേ ഈ മാസം പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായം കൂടി വേണ്ടിവരുമെന്ന് റെയിൽവേ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ഈ പദ്ധതികൾ നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ എന്ത് തുക വഹിക്കേണ്ടിവരുമെന്നും സംസ്ഥാന സർക്കാരിന്റെ ഇതിന്മേലുള്ള നിലപാട് എന്തെന്നും വ്യക്തമാക്കുമോ? | (സി) | പദ്ധതി വിഹിതത്തിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിലപാടാണ് റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഈ പദ്ധതികൾക്കായി ഏകദേശം 1000 കോടി രൂപയോളം സംസ്ഥാനം വഹിക്കേണ്ടിവരും. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പദ്ധതികൾക്കാവശ്യമായ മുഴുവൻ തുകയും ടി പദ്ധതികൾ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ബഡ്ജറ്റിൽ വിഭാവനം ചെയ്തതുപോലെ റെയിൽവേ തന്നെ വഹിക്കണമെന്ന് ബഹു. മുഖ്യമന്ത്രിയും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ